Mathrubhumi
27/04/2022

# പാണ്ഡുരംഗയുടെ തോക്കിൽനിന്ന് ഉണ്ടയില്ലാ വെടി

## കുരങ്ങുകൾ കാടുകയറി

**കാസർകോട്** ▸ ബദിയഡുക്ക ഏതടുക്കയിലെ തോട്ടത്തിലെത്തിയ കുരങ്ങന്മാർക്ക് നേരേ പാണ്ഡുരംഗ ഭട്ട് സ്വന്തം തോക്ക് പ്രയോഗിച്ചപ്പോൾ ഉണ്ടയ്ക്ക് പകരം ചെന്നത് കടലയും ചെറിയ കല്ലുകളും. തുടരെ വേദന ഏറ്റുവാങ്ങിയ കുരങ്ങുകൾ കാട് കയറിയതോടെ ഉണ്ടയില്ലാ വെടി ഹിറ്റായി.

സ്റ്റെയ്ൻലെസ് സ്റ്റീൽ പൈപ്പും ഒരു സ്റ്റീൽ എൽബോയും മരപ്പിടിയും ചേർത്താണ് ഈ കർഷകൻ തന്റെ വിളകളെ കുരങ്ങിൽനിന്ന് രക്ഷിച്ചത്.

തെങ്ങും കവുങ്ങുമുള്ള 30 ഏക്കർ തോട്ടത്തിൽ 45 കുരങ്ങന്മാർ ചേർന്ന് 'വിളവെടുപ്പ്' തുടങ്ങിയതോടെയാണ് പാണ്ഡുരംഗ തോക്കെടുത്തത്. മൂന്നുവർഷം മുൻപാണ് പാണ്ഡുരംഗ ആദ്യമായി സ്വന്തം തോക്ക് ഉപയോഗിച്ചുതുടങ്ങിയത്.



പാണ്ഡുരംഗ സ്വന്തമായി നിർമിച്ച തോക്ക് കാസർകോട് സി.പി.സി.ആർ.ഐ.യിൽ നടത്തിയ കിസാൻമേളയിൽ പ്രവർത്തിപ്പിക്കുന്നു

ചെറിയ പടക്കം ഉപയോഗിച്ചാണ് തോക്കിന്റെ പ്രവർത്തനം. അറിയാവുന്ന വെൽഡിങ് വെച്ച് പൈപ്പും എൽബോയും ഘടിപ്പിച്ചു. പിന്നിൽ മരക്കുറ്റി പിടിപ്പിച്ച് തോക്കിന്റെ രൂപമുണ്ടാക്കി. പ്രത്യേകം പറഞ്ഞുണ്ടാക്കിയതാണ് എൽബോ.

അത്യാവശ്യം ഭാരവുമുണ്ട്. തോക്കിൻകുഴലിൽ ചെറിയ ചരൽക്കല്ലുകളോ കടലയോ നിറയ്ക്കും. ശേഷം പച്ചിലവെച്ച് മൂടും. ചെറിയ പടക്കം വെച്ച് തിരി പുറത്തേക്ക് നീട്ടി എൽബോ അടയ്ക്കും. തിരിയിൽ തീകൊടുത്ത് കുരങ്ങുള്ള ഭാഗത്തേക്ക് നീട്ടിയാൽ ഉഗ്രശബ്ദത്തോടെ തോക്ക് പ്രവർത്തിക്കും.

വെടിപൊട്ടിയതോടെ ആവശ്യക്കാരുമെത്തി. പന്നിയെ ഓടിക്കാനും ആനയെ തുരത്താനും ആൾക്കാർ തോക്ക് തേടിയെത്തി. 'രാത്രിയിൽ പൊട്ടുമ്പോൾ തീയുണ്ടാകും കല്ലും തെറിക്കും. കാസർകോട്ട് ആനശല്യമുള്ളയിടത്തുനിന്ന് ആൾക്കാർ തോക്ക് തേടി വന്നിരുന്നു' -പാണ്ഡുരംഗ പറയുന്നു. 4000 രൂപയാണ് നിർമാണച്ചെലവ്.

# നിലമൊരുക്കാൻ യന്ത്രങ്ങളുമായി കൃഷി വിജ്ഞാന കേന്ദ്രം

**കാസർകോട്** ▸ തോട്ടങ്ങളിലെ ഇടവിളയ്ക്കായി നിലമൊരുക്കുന്നതിന് റൊട്ടവേറ്ററുകൾ ഇറക്കി സി.പി.സി.ആർ.ഐ. കൃഷി വിജ്ഞാന കേന്ദ്രം. കേന്ദ്രത്തിന് കീഴിലെ അഗ്രോ സർവീസ് സെന്റർ വഴി റൊട്ടവേറ്ററുകൾ കർഷകർക്ക് വാടകയ്ക്ക് ലഭിക്കും. തോട്ടങ്ങളിലെ വിളകൾ തമ്മിലുള്ള വിടവിലൂടെ സഞ്ചരിച്ച് ഉഴുതിടാവുന്നതരത്തിൽ ചെറു ട്രാക്ടറിലാണ് റൊട്ടവേറ്റർ ഘടിപ്പിച്ചിരിക്കുന്നത്. ഇത് കിസാൻ മേളയിൽ പ്രദർശിപ്പിച്ചു.



സി.പി.സി.ആർ.ഐ. കൃഷി വിജ്ഞാനകേന്ദ്രം അഗ്രോ സർവീസ് സെന്ററിന്റെ റൊട്ടവേറ്റർ നിലമൊരുക്കുന്നു

കട്ടിയുള്ള മണ്ണും തോട്ടത്തിലെ കളകളും ഇളക്കിയെടുക്കാനുമുള്ള ഡിസ്ക് പ്ലോയും ഇവിടെ ലഭിക്കും.

മഞ്ഞൾ പുഴുങ്ങാനും ഉണക്കാനമുള്ള സംവിധാനം, കൃഷിയുടെ അവശിഷ്ടങ്ങൾ പൊടിച്ചെടുക്കാനുള്ള യന്ത്രം തുടങ്ങിയവയും മേളയിലുണ്ട്.